പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 1252

15.03.2012 ൽ മറുപടിയ്ക്ക്

## മഹിളാ കിസ്സാൻ ശാക്തീകരണ പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി<br>" ലൂഡി ലൂയിസ്<br>" ഷാഫി പറമ്പിൽ<br>" കെ. ശിവദാസൻ നായർ | ശ്രീ. കെ.സി. ജോസഫ്<br>(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പു മന്ത്രി) |
| എ. മഹിളാ കിസ്സാൻ ശാക്തീകരണ പദ്ധതിയ്ക്ക് സംസ്ഥാനത്ത് തുടക്കമിട്ടിട്ടുണ്ടോ ; വിശദമാക്കാമോ ; | എ. ഉണ്ട്. സംസ്ഥാനത്ത് MKSP Project II ന്റെ പ്രവർത്തനം മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലകളിൽ നടന്നു വരുന്നു. |
| ബി. വനിതാ കർഷകരിലൂടെ ഗ്രാമ വികസനം നടപ്പിലാക്കുന്നതിന് എന്തെല്ലാം 10 കാര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് ; | ബി. MKSP Project II(സ്ത്രീകളുടെ ലേബർ ബാങ്ക്) പ്രകാരം ഉദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ താഴെപ്പറയുന്നവയാണ്.<br>1) കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സ്ത്രീ തൊഴിലാളികൾക്ക് നിശ്ചിത വരുമാനം ഉറപ്പാക്കി അവരുടെ ആരോഗ്യ, ആഹാര ആവശ്യങ്ങൾ നിറവേറ്റുക<br>2) സുസ്ഥിര കാർഷിക പ്രവർത്തനങ്ങൾ പുനസ്ഥാപിക്കുക. (മണ്ണിന്റെയും ജലത്തിന്റെയും ദുരുപയോഗം തടയുന്നു)<br>3) ഭൂരഹിത, ചെറുകിട കർഷകരെ പൂർണ്ണമായും പദ്ധതിയുടെ പങ്കാളികളാക്കുക.<br>4) പദ്ധതി പ്രവർത്തനം അവസാനിച്ചാലും ഇതു വഴി ഉണ്ടാക്കുന്ന നേട്ടങ്ങൾ കർഷകർക്ക് ലഭിക്കുന്ന തരത്തിലുള്ള പരിപാടികൾ തയ്യാറാക്കുക<br>5) സ്ത്രീ തൊഴിലാളികളുടെ ജോലി ഭാരം കുറയ്ക്കുക. അതിനനുയോജ്യമായ യന്ത്രവല്ക്കരണം നടപ്പാക്കുക. |

6) സ്ത്രീ തൊഴിലാളികൾക്ക് കൃഷി സ്ഥലത്തിന്റെ ലഭ്യത വർദ്ധിപ്പിയ്ക്കുക. അവരുടെ അവകാശങ്ങളെക്കുറിച്ച് ബോധവല്ക്കരണം നടത്തുക.
7) കാർഷിക പ്രവർത്തനം ലാഭകരമാക്കുന്നതിനുള്ള കമ്പോള ഇടപെടലുകൾ നടത്തുക.
8) സ്ത്രീ തൊഴിലാളികളുടെ തൊഴിലിലുള്ള കഴിവ് വർദ്ധിപ്പിക്കുന്നതിന് അറിവ് നൽകുക.
9) കാർഷിക തൊഴിലാളികൾക്കും ഗ്രൂപ്പുകൾക്കും കൂടുതൽ വായ്പ ലഭ്യമാക്കുക
10) കാർഷിക തൊഴിലാളികൾക്ക് അധികം വരുമാനം ലഭ്യമാക്കുകയും കർഷക ബാങ്കുകൾക്ക് സംഭാവനയിലൂടെ ഫണ്ട് രൂപീകരിക്കുകയും ചെയ്യുക

| | | | |
|---|---|---|---|
| സി. | ഏതെല്ലാം 10 ഏജൻസികൾ വഴിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് ; | സി. | കേരളത്തിൽ MKSP Project I കുടുംബശ്രീ വഴിയും Project II മലപ്പുറം, പാലക്കാട്, തൃശ്ശൂർ ജില്ലാ പഞ്ചായത്തുകളുടെ കോൺഫഡറേഷൻ വഴിയുമാണ് നടന്നു വരുന്നത്. |
| ഡി. | എത്ര വനിതകൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വിശദമാക്കുമോ ? | ഡി. | 30,000 ഗുണഭോക്താക്കൾക്ക് വീതം പദ്ധതി I& II എന്നിവയുടെ പ്രയോജനം ലഭ്യമാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത് |

സെക്ഷൻ ഓഫീസർ